മായി 14.5 ഹെക്ടർ ഭൂമി ലഭിക്കേണ്ടതിൽ 14.15 ഹെക്ടർ ഭൂമിയും ലഭ്യ മാക്കിക്കഴിഞ്ഞു. ബാക്കി ഭൂമി ഉടൻ ലഭിക്കുന്നതിനായി ഉയർന്ന വില നൽകുന്ന ഒരു പാക്കേജിന് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ആ പാക്കേജ് പദ്ധതിക്ക് ഒരു ബ്രേക്ക് ചവിട്ടുണ്ട്. അത് അടിയന്തിരമായി മാറ്റിയാൽ തീർച്ച യായിട്ടും ആ പദ്ധതി വളരെ വേഗം നടത്താൻ കഴിയും. ധനകാര്യ മന്ത്രി യോട് അഭ്യർത്ഥിക്കുകയാണ്. ആ ബ്രേക്കിൽ നിന്നു കാലെടുത്താൽ ഈ പാക്കേജ് പദ്ധതി ഇല്ലെങ്കിൽ എറണാകുളം ജില്ലയിലെ വാട്ടർ സപ്ളൈ സ്കീം വളരെ ഗുരുതരമായ നിലയിലേയ്ക്ക് പോകും. അതിന് യാതൊരു സംശയവു മില്ല. അതുകൊണ്ട് ഞാൻ അദ്ദേഹത്തോടുകൂടി പറയുകയാണ്.

(25) ചൊവ്വര വാട്ടർ സപ്ളൈ സ്കീം

ശ്രീ. പി. രാജു : സർ, പറവൂർ, വടക്കേക്കര, വൈപ്പിൻ നിയോജക മണ്ഡലത്തിലേയും കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്ന പദ്ധതി യാണ് ചൊവ്വര പറവൂർ ശുദ്ധജല വിതരണ പദ്ധതി. ആലുവായ്ക്കടുത്ത് ചൊവ്വരയിൽ പെരിയാറിൽനിന്നും വെള്ളം സംഭരിച്ച് ശുദ്ധീകരിച്ച് പൈപ്പുവഴി പറവൂരിൽ എത്തിച്ച് വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 69.5 ദശലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യാനുള്ള പദ്ധതിയാണ് ആസൂ ത്രണം ചെയ്തിട്ടുള്ളത്. രണ്ടു വർഷം മുൻപ് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഇതിന്റെ നിർമ്മാണച്ചുമതല നൽകാൻ തീരുമാനിച്ചുവെങ്കിലും നടന്നില്ല. ഇപ്പോൾ നവംബർ മാസം 28-ാം തീയതി തിരുവനന്തപുരത്ത് ചേർന്ന ജല അതോറിറ്റിയുടെ ബോർഡ് യോഗം അൻപത്തൊന്നരകോടി രൂപയ്ക്ക് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.പി.സി.സി.ക്ക് നൽകാൻ തീരുമാനമായിട്ടുണ്ട്. ഇതിനുമുൻപ് മന്ത്രിസഭയുടെ അംഗീകാരം ആവശ്യ മാണ്. അതിന് കാലതാമസമുണ്ടാകുന്നത് ഇനിയും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്. എറണാകുളം ജില്ലയിലെ പടിഞ്ഞാറേ പ്രദേശമായ പറ വൂരും വടക്കേക്കരയും വൈപ്പിനുമെല്ലാം ഉൾപ്പെടുന്ന 11 പഞ്ചായത്തിലെ ജന ങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണേണ്ട പദ്ധതിയാണ്. ഇനി അത് എൻ.പി.സി.സി.ക്ക് കൊടുക്കാതെ പുതിയ നടപടിയുമായി പോകാ നാണ് തീരുമാനിക്കുന്നതെങ്കിൽ 7 മാസക്കാലം കഴിഞ്ഞാൽപ്പോലും ഇത് ടെന്റർ ചെയ്ത് നടപടി പൂർത്തീകരിക്കാൻ സാധിക്കാതെവരും. എൽ.ഐ.സി. യിൽ നിന്നും വായ്പയെടുത്താണ് ഈ പദ്ധതി നടപ്പാക്കുന്നത്. എൽ.ഐ.സി. യിൽ നിന്നുമുള്ള വായ്പ വാട്ടർ അതോറിറ്റിക്ക് ഇതിനകം 38 കോടി രൂപ ലഭ്യ മായിക്കഴിഞ്ഞു. അതുകൊണ്ട് ഈ പദ്ധതി എൻ.പി.സി.സി.ക്ക് നൽകി എത്ര യുംവേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ആ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണ മെന്നു ബഹു.മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, പറവൂർ മുനിസിപ്പാലിറ്റി പ്രദേശത്തും സമീപ പഞ്ചായത്തുകളി ലുമായുള്ള പ്രദേശങ്ങളിൽ ഉള്ള ഈ വാട്ടർ സപ്ലൈയുടെ പേര് ചൊവ്വര വാട്ടർ സപ്ലൈ സ്കീം എന്നാണ്. 37 കോടി രൂപയുടെ ഭരണാനുമതി ഇതിന് നൽകിയിട്ടുണ്ട്. പെരിയാറിൽ ചൊവ്വര ഹെഡ്വർക്ക്സിന് സമീപം ഒരു കിണർ നിർമ്മിച്ച് അവിടെ നിന്നും വെള്ളം ലഭ്യമാക്കി ശുദ്ധീകരണ പ്രക്രിയ കൾക്കുശേഷം 21 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂഗർഭ സംഭരണിയിൽ ശേഖ രിച്ച്, പറവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഭൂഗർഭ സംഭരണിയിൽ ശുദ്ധജലം എത്തിക്കാനുള്ള നടപടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പറവൂരിൽ

LIBRARY ARCHIVES Kerala Legislative Assembly

ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പെല്ലാം ഏകദേശം ജില്ലാകള ക്ടറുടെ ഓഫീസിൽ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഈ പദ്ധതി ഇ.പി. സി.എം. കരാറായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കു ന്നതിനെപ്പറ്റി ഉപദേശം ആരായുന്നതിനായി കേരള വാട്ടർ അതോറിറ്റി ബോർഡ് തീരുമാനിച്ചു. കെ.എസ്.സി.സി. സമർപ്പിച്ച 55.27 കോടി രൂപയുടെ ഓഫർ കേരള വാട്ടർ അതോറിറ്റി ഒരു ഉന്നതാധികാര സമിതിയെക്കൊണ്ട് പരി ശോധിപ്പിച്ച് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ആ ഓഫറിന് അംഗീകാരം നൽകിയില്ല. പദ്ധതിയുടെ നടത്തിപ്പിനായി ഇ.പി. സി.എം. പ്രകാരം മൽസര സ്വഭാവമുള്ള കരാറുകൾ ക്ഷണിക്കാൻ രണ്ടായിരാ മാണ്ട് ജൂലൈയിൽ സർക്കാർ നിർദ്ദേശിച്ചത് അനുസരിച്ച് 20-10-2000 അവസാ നദിവസം ആക്കി മധ്യമേഖലാ ചീഫ് എഞ്ചിനീയർ ദർഘാസുകൾ ക്ഷണിച്ചി രുന്നു. ഈ തീയതി ചില സാങ്കേതിക കാരണങ്ങളാൽ 14-11-2000-ലേയ്ക്ക് നീട്ടുകയും ചെയ്തു. പിന്നീട് നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കോർപ്പ റേഷന്റെ ഓഫർ ലഭിച്ചത് വാട്ടർ അതോറിറ്റി വിശകലനം നടത്തിക്കൊണ്ടിരി ക്കുകയാണ്. 28-11-2000-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ബോർഡ് നാഷ ണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കമ്പനിക്ക് പ്രസ്തുത ജോലി ഏൽപ്പിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബോർഡ് തീരുമാനം സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആ പ്രദേശത്തെ എം. എൽ.എ. മാരേയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുകൂട്ടിയെങ്കിൽ മാത്രമേ അതിനനുസൃതമായ തീരുമാനം എടുക്കാൻ കഴിയൂ. ചില സാങ്കേതിക പ്രശ്ന ങ്ങളുണ്ട്.

VI. പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇന്നലെമുതൽ ഈ നിയമസഭാകവാടത്തിൽ 10 എം.എൽ.എ.മാർ നിരാഹാരം കിടക്കുക യാണ്. ഇന്നു രാവിലെ, കാർഷിക മേഖലയിൽ കൃഷിക്കാരനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു ശ്രദ്ധക്ഷ ണിക്കലുണ്ടായിരുന്നു. അതിനു മറുപടി പറഞ്ഞ കൂട്ടത്തിൽ ബഹു.മന്ത്രി കേന്ദ്രഗവൺമെന്റിന്റെ വീഴ്ചകളെപ്പറ്റിയൊക്കെ പറഞ്ഞു. അത്തരം കാര്യ ങ്ങളിൽ പലതിനോടും നമുക്ക് തർക്കമുള്ള കാര്യമല്ല. കേന്ദ്രഗവൺമെ ന്റിൽനിന്നും കിട്ടേണ്ട കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം. കേന്ദ്രനയങ്ങളിൽ ചിലതിന് മാറ്റമുണ്ടാകണം. അതിൽ തർക്കമില്ല. പക്ഷേ, കേന്ദ്രത്തെ പഴിചാ രുന്ന അവസരത്തിൽ സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യണം. ഇന്നുരാവിലെ ബഹു.കണാരൻ പോലും കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ചപ്പോൾ പറഞ്ഞു. അടിയന്തിരമായും കാർഷിക കട ങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കണമെന്ന്. അപ്പോൾ ആ കാര്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ യോജിപ്പുള്ളതാണ്. കേര ളത്തിലെ കൃഷിക്കാരുടെ ഏറ്റവും മൗലികപ്രശ്നങ്ങളായ കാർഷിക കട ങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക. കാർഷിക കടവായ്പ ഇന്ന് പ്രതിസ ന്ധിയിലാണ്. ആ പ്രതിസന്ധി പരിഹരിക്കണമെങ്കിൽ ട്രഷറിയിൽ നിക്ഷേപി ച്ചിരിക്കുന്ന പണം നമ്മുടെ സഹകരണ ബാങ്കുകൾക്ക് തിരികെ കൊടുക്കണം. അതുപോലെ, പച്ചതേങ്ങയും കൊപ്രയും സംഭരിക്കാനുള്ള ഏർപ്പാടുകൾ വേഗം നടത്തുകയാണെങ്കിൽ, അത്തരം പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും. അതുപോലെ, ഈ ഗവൺമെന്റ് വർദ്ധിപ്പിച്ച കാർഷിക മേഖലയിലെ ടാക്സു

LIBRARY ARCHIVES Kerala Legislative Assembly